OCTOBER 2018

VOL - 6 ISSUE - 3

ECHOLISIE 2018

A QUARTERLY BULLETIN OF LISIE MEDICAL AND EDUCATIONAL INSTITUTIONS

CARE with LOVE

LISIE HOSPITAL ERNAKULAM

lisienewsletter2013@gmail.com

ECHOLIS 2018 EDITORIAL BOARD

Managing Editor
Fr Thomas Vaikathuparambil

Editor-in-chief
Prof Dr Usha Marath

Consultant Editors
Fr Jery Njaliath
Fr Anto Chalissery
Fr Ajo Moothedan
Fr Joseph Makkothakattu

Associate Editors
Dr Babu Francis
Mr Sajeev Jacob

Editorial Members
Ms Sherin Thomas
Ms Minmini V.
Mrs Sumathi P.V.
Mrs Manju George
Dr K. M. Jacob
Mrs Arya John
Mrs Priya Unnikrishnan
Mr Stojo Jose
Mr Venugopal S.

Circulation Manager
Mr Anti Jose

Lisie Hospital
Ernakulam, P.B. No. 3053
Kochi - 682018
Ph: 0484 2402044
contact@lisiehospital.org
www.lisiehospital.org

മഹാപ്രളയം ഒരോർമ്മ

Director's Message

പ്രിയ ലിസി കുടുംബാംഗങ്ങളെ,

ഒരു നൂറ്റാണ്ടിനിടെ കണ്ടിട്ടില്ലാത്ത പ്രളയത്തിൽ കേരളം മുങ്ങിയ ആദ്യ ദിവസങ്ങളിൽ പ്രളയബാധിതരായ നമ്മുടെ സ്റ്റാഫ് അംഗങ്ങൾക്ക് ഞാനെഴുതിയിരുന്നു: ലിസി കുടുംബം നിങ്ങളുടെ കൂടെയുണ്ട്. പ്രളയത്തിന്റെ കെടുതികൾ അനുഭവിച്ചു തിരിച്ചെത്തിയ സ്റ്റാഫ് അംഗങ്ങളെ അസിസ്റ്റന്റ് ഡയറക്ടറച്ചന്മാരും ഡോക്ടർമാരും താല്പര്യപൂർവ്വം ശ്രവിക്കുകയുണ്ടായി. ദുരന്തം നമ്മുടെ സ്റ്റാഫ് അംഗങ്ങളിൽ ഉണ്ടാക്കിയ അപകടത്തിന്റെ ആഴം മനസ്സിലായതോടെയാണ് ലിസി സാന്ത്വനം എന്ന പേരിൽ ഒരു ദുരിതാശ്വാസ സഹായ പദ്ധതിക്ക് നമ്മൾ രൂപം നൽകിയത്. അത് നടപ്പാക്കാൻ ഒരു പതിനഞ്ചംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഈ കമ്മിറ്റിയുടെയും അസിസ്റ്റന്റ് ഡയറക്ടർമാരുടെയും നേതൃത്വത്തിൽ പ്രളയബാധിതരായ ഓരോ സ്റ്റാഫിനെയും കാണുകയും അവരുടെ നാശനഷ്ടങ്ങളുടെ യഥാർത്ഥ സ്ഥിതി വസ്തുനിഷ്ഠമായി വിലയിരുത്തുകയും ഓരോരുത്തർക്കും നൽകേണ്ട സഹായത്തുക തീരുമാനിക്കുകയുമായിരുന്നു. ഈ പദ്ധതിയിലേക്ക് ഡോക്ടർമാരും മറ്റു സ്റ്റാഫ് അംഗങ്ങളും ഉദാരമായി സംഭാവന ചെയ്തതിന്റെ ഫലമായി 55 ലക്ഷം രൂപയാണ് വാഗ്ദാനം ലഭിച്ചത്. അത്രയും തുക ആശുപത്രി ഈ പദ്ധതിയിലേക്ക് ഇതിനകം മുൻകൂർ നൽകുകയും 185 സ്റ്റാഫ് അംഗങ്ങൾക്ക് അവർക്കുണ്ടായ നാശനഷ്ടങ്ങൾക്കനുസരിച്ച് മൂന്ന് ലക്ഷം മുതൽ 5000 രൂപ വരെ ഇതിനകം നൽകുകയും ചെയ്തു. പ്രളയം മൂലം വീടുപേക്ഷിച്ച് ക്യാമ്പുകളിലേക്ക് പോകേണ്ടി വന്നവർക്ക് ഉപയോഗിക്കാനുതകുന്ന വസ്തുക്കൾ ശേഖരിക്കാൻ നമ്മുടെ ആശുപത്രിയിൽ സ്ഥാപിച്ച കളക്ഷൻ പോയിന്റ് വഴി 236325 രൂപയുടെ സാമഗ്രികളാണ് സമാഹരിച്ച് അർഹതപ്പെട്ടവർക്കെത്തിച്ചത്. ഇതിന് നേതൃത്വം വഹിച്ചത് MSW Department ആണ്. പ്രളയസമയത്തും പ്രളയാനന്തരവും ലിസി ആശുപത്രിയിലെത്തിയ പ്രളയബാധിതരായ രോഗികൾക്ക് പൈസ അടയ്ക്കുന്നതിന്റെ നിബന്ധനകൾ ഒഴിവാക്കി ചികിത്സ ഉറപ്പ് വരുത്തിയത് ഈ അവസരത്തിൽ ഓർക്കുന്നു. ഏതാണ്ട് 10 ലക്ഷം രൂപയുടെ ചികിത്സയാണ് സൗജന്യമായി ഈയിനത്തിൽ ആശുപത്രി ചെയ്തത്. ക്യാമ്പുകളിൽ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യമുണ്ടായപ്പോൾ മുതൽ പതിനഞ്ചോളം മെഡിക്കൽ ക്യാമ്പുകൾ സൗജന്യമായി പ്രളയബാധിത പ്രദേശങ്ങളിൽ നടത്തി. ഇതിന് തയ്യാറായി മുന്നോട്ട് വന്ന ഡോക്ടർമാരെയും നേതൃത്വം നൽകിയ MSW വിഭാഗത്തെയും പ്രത്യേകം അഭിനന്ദിക്കുന്നു. മറ്റ് സംഘടനകൾ വഴിയും നമ്മുടെ നിരവധി ഡോക്ടമാരാണ് സൗജന്യ ചികിത്സയും മരുന്ന് വിതരണവും ക്യാമ്പുകളിൽ നടത്തിയത്. ഇത്തരത്തിൽ മുപ്പതിന് മുകളിൽ ക്യാമ്പുകളിൽ ലിസി ആശുപത്രി മെഡിക്കൽ സേവനം നടത്തുകയുണ്ടായി. എറണാകുളം നഗരത്തിലെ ചില ആശുപത്രികൾ പ്രളയത്തെത്തുടർന്ന് പ്രവർത്തനം നിർത്തുന്ന ഘട്ടം വന്നപ്പോൾ അവിടങ്ങളിലെ നിരവധി ICU രോഗികളെ യാതൊരു മടിയും കൂടാതെയാണ് നമ്മുടെ ആശുപത്രി സ്വീകരിച്ചത്. രോഗികൾക്ക് നൽകുന്ന ഓക്സിജൻ ക്ഷാമത്തെപ്പറ്റി ആശങ്കകൾ നിലനിൽക്കെ തന്നെയാണ് നമ്മുടെ ആശുപത്രി ഇത് സാധ്യമാക്കിയത്.

പ്രളയാനന്തരം എലിപ്പനി പടർന്നു പിടിക്കുന്ന അവസ്ഥയിൽ നമ്മുടെ ഡോക്ടർമാർ വീഡിയോ സന്ദേശത്തിലൂടെ പൊതുജനത്തിന് ഉപകാരപ്രദമായ അറിവുകൾ നൽകിയത് പരാമർശിക്കപ്പെടേണ്ടതാണ്. കേരളത്തിന്റെ ആരോഗ്യമേഖലയെ അന്തസുറ്റ രീതിയിൽ സൃഷ്ടിക്കുന്നതിൽ കഴിഞ്ഞ 60 വർഷത്തിലേറെയായി മുന്നിൽ നിൽക്കുന്ന നമ്മുടെ ആശുപത്രി പ്രളയ ശേഷമുള്ള കേരളത്തിന്റെ നവസൃഷ്ടിയിൽ നിന്നും മാറി നിൽക്കുന്നില്ല. 15 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നമ്മുടെ ആശുപത്രി സംഭാവന ചെയ്യുകയുണ്ടായി. എറണാകുളം അങ്കമാലി അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രളയാനന്തര നവസൃഷ്ടി പ്രവർത്തനത്തിന്റെ നടത്തിപ്പിനായി 10 ലക്ഷം രൂപയും ആശുപത്രി നൽകുകയുണ്ടായി. പ്രളയത്തിൽ വീടുകൾ തകർന്ന അഞ്ച് കുടുംബങ്ങൾക്ക് വീട് വെച്ച് നല്കുന്നതിലേക്ക് കൊച്ചിൻ കോർപ്പറേഷന് നാല് ലക്ഷം രൂപയാണ് ആശുപത്രി നൽകിയത്. വേദനിക്കുന്നവർക്കൊപ്പം അറുപതാണ്ടു നടന്നതിന്റെ അനുഭവസമ്പത്തിൽ നിന്ന് കരുതലിന്റെയും കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മൂല്യങ്ങൾ മുന്നിൽ വെച്ചാണ് പ്രളയ വേദന അനുഭവിച്ചവർക്കൊപ്പം ഈ നാളുകളിൽ ലിസി കുടുംബം നടന്നത്. ഒരു കോടി രൂപയുടെ സാമ്പത്തിക സഹായത്തിന്റെ കണക്കല്ല ഈ കത്ത്. ഒരു കുടുംബം പോലെ ഒരുമിച്ച് നിന്നാൽ ഏത് പ്രതിസന്ധിയെയും മറികടക്കാം എന്നതിന്റെ ഓർമ്മപ്പെടുത്തലാണ്.

Fr Thomas Vaikathuparambil
Director

Breast Feeding Week 2018

ഓരോ കുഞ്ഞും തന്റെ അമ്മയിൽ നിന്നും നുകർന്നെടുക്കുന്ന സ്നേഹത്തിന്റെ ആദ്യ മധുരമാണ് മുലപ്പാൽ. ആ സ്നേഹബന്ധം ശക്തിപ്പെടുന്നത് മുലയൂട്ടലിലൂടെയാണ്. അതിനാൽ മുലയൂട്ടലിന്റെ പ്രാധാന്യം ജനങ്ങളെ അറിയുക്കുവാനായി ലോകാരോഗ്യ സംഘടന എല്ലാ വർഷവും ഓഗസ്റ്റ് ഒന്നാം തിയതി മുതൽ ഓഗസ്റ്റ് ഏഴാം തിയതി വരെ മുലയൂട്ടൽ വാരാചാരണമായി ആചരിക്കുന്നു. അതിനായി ഈ വർഷം തിരഞ്ഞെടുക്കപ്പെട്ട വിഷയം മുലയൂട്ടൽ ജീവിതത്തിന്റെ അടിസ്ഥാനം എന്നതാണ്. ലിസി കോളേജ് ഓഫ് നഴ്സിങ് നാലാം വർഷ വിദ്യാർത്ഥികളും ലിസി ഹോസ്പിറ്റലിലെ MSW വിഭാഗവും ചേർന്നാണ് ലിസി ആശുപത്രിയിൽ ഈ ആചാരണത്തിന് നേതൃത്വം നൽകിയത്.

വാരാചരണത്തിന്റെ ആദ്യ ദിനമായ ഓഗസ്റ്റ് ഒന്നാം തിയതി ലിസി ആശുപത്രിയിലെ St Augustine Block റിസപ്ഷനിൽ വച്ച് രാവിലെ 11.00 മണിക്ക് പരിപാടികൾ ആരംഭിച്ചു. ഏഴ് കുഞ്ഞുങ്ങൾക്ക് സിസേറിയൻ വഴി ജന്മം നൽകുകയും തുടർച്ചയായി കുഞ്ഞുങ്ങൾക്ക് 6 മാസം വരെ മുലപ്പാൽ മാത്രം നൽകിയ അമ്മയെന്ന രീതിയിലും പ്രശസ്ഥയായ Mrs & Mr Martin Nunez പരിപാടി ഉദ്ഘാടനം ചെയ്തു. Rev Fr Thomas Vaikathuparambil (Director, Lisie Hospital), Rev Fr Jery Njaliath (Asst Director, Lisie Hospital), Dr Sivji Hegdon (HOD, Neonatology), Dr Hima Mathews P (Consultant, Pediatrics) എന്നിവർ ചടങ്ങിൽ പങ്കെടുത്തു. വിദ്യാർത്ഥിനികൾ അവതരിപ്പിച്ച പ്രത്യേക ബോധവൽക്കരണ സ്കിറ്റ് ചടങ്ങിന്റെ മുഖ്യ ആകർഷണമായിരുന്നു.

2 August 2018 ESI ഹോസ്പിറ്റൽ ഉദ്യോഗമണ്ഡലിൽ വെച്ച് രാവിലെ 11.00 മണി മുതൽ പരിപാടികൾ ആരംഭിച്ചു. ബോധവൽക്കരണ സ്കിറ്റും, വിദ്യാർഥികൾ തയ്യാറാക്കിയ ഡോക്യുമെന്ററിയും ചടങ്ങിൽ പ്രകാശനം ചെയ്തു.

3 August 2018 തിയതി രാവിലെ 10.30 am ന് ലിസി ഹോസ്പിറ്റലിലെ ആറാം നിലയിലുള്ള Antenatal Ward ആയ St Marys Ward (A Ward) ൽ വെച്ച് ഈശ്വര പ്രാർത്ഥനയോടുകൂടി പരിപാടികൾ ആരംഭിച്ചു. Dr Simi Raj (Consultant, Gynaecology), Antenatal Ward ന്റെയും ലേബർ റൂമിന്റെയും ഇൻചാർജായ Sr Manila എന്നിവർ പരിപാടിയിൽ സന്നിഹിതരായിരുന്നു.

4 August 2018 ലിസി ആശുപത്രിയുടെ എട്ടാം നിലയിലുള്ള Post Natal Ward ആയ St Elizabeth (B Ward) ൽ വെച്ച് രാവിലെ 10.45 ന് മുലയൂട്ടൽ വാരാചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മുലപ്പാലിന്റെ ഗുണങ്ങളെക്കുറിച്ചും ഒരു ബോധവൽക്കരണ ക്ലാസ് നടത്തുകയുണ്ടായി. ചടങ്ങിൽ വ്യത്യസ്തമായ ഗെയിമുകളും നടത്തുകയുണ്ടായി.

6 August 2018 രാവിലെ 10.45 ന് മുലയൂട്ടലിന്റെ പ്രാധാന്യത്തെ പ്രകടമാക്കുന്ന ഒരു പപ്പറ്റ് ഷോയും ബോധവൽക്കരണ ക്ലാസും നടത്തി. Rev Fr Ajo Moothedan (Asstistant Director, Lisie Hospital), Dr Sivji Hegdon എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായി പങ്കെടുത്തു.

7 August 2018 മുലയൂട്ടൽ വാരാചരണത്തിന്റെ അവസാന ദിവസം രണ്ടാം നിലയിലുള്ള Gynaecology OPD യിൽ വെച്ച് രാവിലെ 11.00 ന് പരിപാടികൾ ആരംഭിച്ചു. Fr Jery Njaliath, Dr Usha Marath (Principal, Lisie College of Nursing), Dr Simi Raj എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

https://www.facebook.com/media/set/?set=a.1005484102959301&type=1&l=14cded8670

JEEVANAM - 2018 Super Specialty Medical Camp@ Elamkulam



The Medical Social Work Department of Lisie Hospital organized the 15th flood related medical camp in association with the Cochin Municipal Corporation at Fathima Matha Church, Elamkulam on 23 September 2018. The super specialty medical camp named 'Jeevanam 2018' was an initiative of Smt Soumini Jain, Mayor, Cochin Corporation and the camp was carried out with the support of many medical professionals of the hospital. The department invited seven eminent doctors from various departments like Nephrology, General Medicine, ENT, Pulmonology, Gynecology and Gastroenterology to deliver their services in the medical

camp. Apart from the medical professionals, staff from Pharmacy, Nursing department, PFT and Medical Social Work including their trainees accompanied the medical team. The medical team reached the Venue at 9.30 am and made all required arrangements. The official inauguration of medical camp was held at 11.00 am by the honorable MLA Mr P T Thomas. The ceremony was presided over by Smt Soumini Jain. The official ceremony was blessed with the presence of chief guest Rev Fr Thomas Vaikathuparambil, Director, Lisie Hospital, who handed over a cheque of Rs. 400000/- to five families for the construction of their houses. The dias was also blissful with the presence of Rev Fr Ajo Moothedan, Asst. Director, Lisie Hospital. Around 200 people registered for the medical camp and made use of the services. The camp concluded at 2.30 pm.

https://www.facebook.com/media/set/?set=a.1051239928383718&type=1&l=b71f04a097

WORLD ORGAN DONATION DAY 2018

The World Organ Donation day was observed on 14 August 2018 at Cochin Shipyard. It was organized by the Differently Abled Employees' Welfare Association of Cochin Shipyard. The programme was graced with the presence of Mr Simon Britto (Ex MLA), Dr Babu Francis, Nephrologist, Lisie hospital, Mr Anjan Satheesh, Artist and National award winner, Mr N V Suresh Babu (Director Operations) and other dignitaries from the DAEWA-CSL. An organ donation awareness talk was delivered by Dr Babu Francis, HOD, Department of Nephrology. Mr Anjan Satheesh who is a differently abled cartoonist and the national winner was honored by the director of operations of Cochin Shipyard. Medical Social Work trainees from the MSW Department presented an awareness skit on voluntary organ donation through which the importance of the day was well communicated to the audience.

https://www.facebook.com/media/set/?set=a.1019928664848178&type=1&l=673637732a

Blessing of the Pharmaceutical Division

The Pharmaceutical division of Lisie Hospital has been renovated as per the new norms of Good Manufacturing Practice. The blessing of the Tablets Production Section and Quality Control Department was conducted on 5 July 2018 by Rev Fr Thomas Vaikathuparambil, Director, Lisie Hospital. The Pharmaceutical Division will continue the production of the Narcotic Drugs. With the present expansion, this unit is ready to take up the production of any new Formulation also. This unit can supply products at very reasonable rate to patients as well to our Sister-concerns.

https://www.facebook.com/pg/TheLisieHospitals/photos/?tab=album&album_id=926829167491462

College Stationery Stall Blessing

College Stationery Stall Blessing was done by Fr Jery Njaliath (Asst Director, Lisie Hospital)

https://www.facebook.com/media/set/?set=a.982874865220225&type=1&l=2c7d2674df

ക്വിസ് മത്സരം

1. ലോക രക്തദാന ദിനം എന്നാണ്?
2. 2018 -ലെ ലോക ക്ഷയരോഗദിനത്തിന്റെ ആപ്തവാക്യം എന്തായിരുന്നു?
3. പന്നിപ്പനി പരത്തുന്ന വൈറസിന്റെ പേര് എന്താണ്?
4. കാരുണ്യ പുരസ്ക്കാരം ആരംഭിച്ച പ്രസ്ഥാനം ഏതാണ്?
5. ലോക പരിസ്ഥിതി ദിനം എന്നാണ്?
6. ഇക്കൊല്ലത്തെ (2018) നഴ്സസ് ഡേ ആപ്തവാക്യം എന്തായിരുന്നു?
7. കേരളത്തിൽ ആദ്യമായി ഹൃദയശസ്ത്രക്രിയയ്ക്കു വിധേയയായ ഏറ്റവും പ്രായം കുറഞ്ഞ കുട്ടിയുടെ പേരെന്താണ്?
8. ജൂലൈ 2018 (Vol: 6, issue 2) ലക്കത്തിൽ ഡയറക്ടേർസ് ഡെസ്ക്കിൽ പ്രതിപാദിച്ചിട്ടുള്ള ആനുകാലിക വിഷയം എന്താണ്?
9. ലിസി ഹോസ്പിറ്റലിൽ പ്രതിദിനം എത്ര ഡയാലിസിസ് ആണ് ശരാശരി നടത്തപ്പെടുന്നത്?
10. ലിസി ഹോസ്പിറ്റലിൽ ജൂൺ 16, 2018 ൽ ഫയർ മോക്ക് ഡ്രിൽ നടത്തപ്പെട്ടത് ഏത് ഡിപ്പാർട്ട്മെന്റിൽ വെച്ചായിരുന്നു?

മുഴുവൻ ശരി ഉത്തരങ്ങൾ നല്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയികളെ കണ്ടെത്തി സമ്മാനം നൽകുന്നത്. ഒരാൾ ഒരു ഉത്തരക്കടലാസ്സ് മാത്രമേ എഴുതി നൽകാവൂ. A4 പേപ്പറിൽ ഉത്തരങ്ങളോടൊപ്പം പൂർണമായ പേര്, ID നമ്പർ, ജോലി ചെയ്യുന്ന വിഭാഗം/വാർഡ്, മൊബൈൽ നമ്പർ എന്നിവ എഴുതി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ വെച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക. എഡിറ്റോറിയൽ ബോർഡിലുള്ളവർ ഈ മത്സരത്തിൽ പങ്കെടുക്കരുത്. **വിജയിക്ക് ലിസി ഡൈനെറിൽ നിന്നും ഫുഡ് കൂപ്പൺ സമ്മാനം.**

അവസാന തീയതി: 15 November 2018 by 5.00 pm

പ്രളയം നൽകുന്ന പാഠം

ഏഴു ദിവസം കഴിഞ്ഞപ്പോൾ ഭൂമിയിൽ വെള്ളം പൊങ്ങി തുടങ്ങി. അഗാധങ്ങളിലെ ഉറവകൾ പൊട്ടിയൊഴുകി നാൽപ്പതു രാവും നാൽപ്പതു പകലും മഴ പെയ്തു കൊണ്ടിരുന്നു. ഭൂമിയിൽ ജലം വർദ്ധിച്ചു കൊണ്ടിരുന്നു. ആകാശത്തിന് കീഴെ തല ഉയർത്തി നിന്ന സകല പർവ്വതങ്ങളും വെള്ളത്തിനടിയിലായി. ഭൂമുഖത്തു ചരിക്കുന്ന എല്ലാ ജീവജാലങ്ങളും പ്രാണന് വേണ്ടി പരക്കം പാഞ്ഞു. മഹത്ഗ്രന്ഥത്തിലെ ഈ വചനം മനുഷ്യൻ പിറക്കുന്നതിന് മുൻപ് തന്നെ ദൈവം നമുക്ക് നൽകിയ ഓർമ്മപ്പെടുത്തലാകാം. ഒരു പക്ഷെ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ജലപ്രളയം. ജീവൻ നിലനിർത്തുവാൻ ഉതകുന്ന ജീവ ജലം തന്നെ ജീവൻ എടുക്കുന്ന തലത്തിലേക്ക് ഉയർന്നു പൊങ്ങിയ സമയം. എല്ലാ ജീവജാലങ്ങളും പരസ്പരം സ്നേഹത്തിനും സഹായത്തിനുമായി കേണപേക്ഷിച്ച സമയം. എന്നാൽ എല്ലാ ഈശ്വരാലയങ്ങളും ജലപ്രളയത്താൽ മൂടപ്പെട്ടപ്പോൾ ഈശ്വരൻ കാട്ടി തന്ന എല്ലാവരും ഒന്നാണെന്ന വാക്യം ആരുടേയും പ്രേരണയില്ലാതെ തന്നെ ജനങ്ങൾ ഒന്നടങ്കം പ്രാവർത്തികമാക്കിയ സമയം, അതാണ് പ്രളയം. മനുഷ്യൻ പ്രകൃതിയോട് കാണിക്കുന്ന എല്ലാ വിക്രിയകൾക്കും ഏഴു ദിവസം കൊണ്ട് പ്രകൃതി പാഠം പഠിപ്പിക്കുകയായിരുന്നു.

മണ്ണിനോടും മലകളോടും നദികളോടും വന്യജീവികളോടും കാണിക്കുന്ന ദയയില്ലാത്ത ക്രൂരതയോട് പ്രകൃതി എന്നും ഓർമ്മിക്കുന്ന ഗുണപാഠം പറഞ്ഞുതരികയായിരുന്നു. നമ്മൾ ചൂഷണം ചെയ്ത് ആവാസയോഗ്യമല്ലാതാക്കിയ സകലതിനെയും ഒറ്റ ദിവസം കൊണ്ട് പ്രകൃതി വലിച്ചെറിയുകയായിരുന്നു. നമ്മൾ പ്രകൃതിയിലേക്ക് വലിച്ചെറിഞ്ഞ സാധനങ്ങൾ എല്ലാം തന്നെ ഒറ്റ രാത്രി കൊണ്ട് പ്രകൃതി നമ്മുടെ കാൽക്കീഴിൽ കൊണ്ടിട്ട് തന്നു. വെള്ളം കെട്ടി നിൽക്കേണ്ട സ്ഥലങ്ങളിൽ വൻ സൗധങ്ങൾ പണിത മനുഷ്യന്റെ ആലയങ്ങളിൽ വൻ ആഘാതമാണ് പ്രകൃതി ഏൽപ്പിച്ചത്. പ്രകൃതിയിലെ എല്ലാ സ്വത്തുക്കളും തങ്ങളുടെ പിടിയിൽ ഒതുക്കാമെന്നു ചിന്തിച്ച മനുഷ്യന് പ്രകൃതി ഏൽപ്പിച്ച ഏറ്റവും വലിയ പ്രഹരം. എന്നിട്ടും എന്തേ നമ്മൾ പഠിക്കാത്തത്? നാം വലിച്ചെറിഞ്ഞ കുപ്പികളും സാധങ്ങളുടെ അവശിഷ്ടങ്ങളും എല്ലാം പ്രകൃതി തന്നെ മനുഷ്യന്റെ മുൻപിൽ ഇട്ടു കൊടുത്തു. നമ്മൾ നികത്തിയെടുത്ത ഭൂമി മുഴുവൻ ഒരു ദിവസമെങ്കിലും ഭൂമി സ്വന്തമാക്കി.

എല്ലാം കനിഞ്ഞരുളിയിരുന്ന പ്രകൃതിമാതാവിനെ സ്നേഹിക്കാതെ താന്തോന്നിയായി നടക്കുന്ന മനുഷ്യനിലേക്ക് മാതാവിന്റെ രോദനത്തിന്റെ കണ്ണുനീർ അണപൊട്ടിഒഴുകുകയായിരുന്നു. ആ രോദനത്തിൽ എല്ലാം വെട്ടിപ്പിടിക്കാൻ കാത്തിരുന്ന മനുഷ്യന് മനസ്സിലായി മതവും ജാതിയും പണ്ഡിതനും പാമരനും വലിയവനും ചെറിയവനും എല്ലാവരും ദുഃഖത്തിൽ ഒന്നാണെന്ന്. ഒരു നിമിഷം കൊണ്ട് ഇനി ഒരു പ്രകൃതി ദുരന്തമുണ്ടായാൽ ഒരിക്കൽ പോലും ഒറ്റപെട്ടു പോകാതെ നമ്മുടെ ചുറ്റിലുമുള്ള സഹജീവികളെ കരകയറ്റാനുള്ള ഒരു സ്നേഹത്തിന്റെ മഹാ പ്രളയം ഓരോ ഹൃദയത്തിലും ഉണ്ടാകട്ടെ. ഈ സ്നേഹ പ്രളയം ഭൂമിയിൽ എക്കാലവും നിലനിൽക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

പി. വി. സത്യൻ കിഴക്കമ്പലം

Congratulations

Prof. (Dr.) John Joseph, M.Pharm, Ph.D.

Prof. John Joseph, Principal, Lisie College of Pharmacy has been awarded Ph.D. by Jawaharlal Nehru Technological University, Hyderabad, in the branch of Pharmaceutical Sciences, (Specialization: Medicinal Chemistry) in the topic "Design, Synthesis and Screening of Benzimidalole and other Heterocyclic Compounds for Various Biological activities".

Send-off to Rev Sr Elsy, Nursing Administrator

After 18 years of dedicated and committed service in Lisie hospital, fulfilling her responsibilities in different roles, Sr Elsy leaves the hospital to take charge as the Nursing Administrator of St Joseph's Hospital, Poovathussery. Sr Elsy completed her general nursing in 1982 from St. Joseph's Hospital, Kothamangalam. In 1990 she completed her CVT Curse from Sree Chitra Institute, Trivandrum. In 1997 Sr Elsy completed her Post Basic BSc Nursing Course from Father Muller's College of Nursing, Mangalapuram.

It is to be specially noted that Sr Elsy, working for more than 26 years in important areas of Nursing Profession, and successfully fulfilling her duties as Ward-in-charge, Nursing Instructor, Nursing Superintendent and Nursing Administrator, could make her impact in different hospitals. As far as Lisie hospital is concerned Sr Elsy falls into the line of the living tradition of nursing laid down by Sister Hyacinth and others of special memory. Her services in Lisie are the following: From 1983 to 1987 she was ward-in-charge. From 2005 to 2015 Sr Elsy was Principal of Lisie Nursing School. Since 2015 she worked as Nursing Administrator of the hospital. It marks the peak of her nursing career that she leaves her responsibility to take up the new task as the Nursing Administrator of St Joseph's Hospital, Poovathussery. We hope that with her vast experience in different areas of nursing service and strong personal relations the new task will be successful. We extend a loving bye-bye to Sr Elsy and prayerful BEST WISHES to her.

https://www.facebook.com/media/set/?set=a.1052243478283363&type=1&l=18f6f56e2b

Breast Feeding Week 2018

Festal Celebrations of our Director Fr Thomas Vaikathuparambil and Blessing of the Renovated Lisie Auditorium

INAUGURATION AND ORIENTATION FOR BSC MLT STUDENTS 2018 ADMISSION

https://www.facebook.com/media/set/?set=a.1039555519552159&type=1&l=bb8b9925ab

The inauguration and orientation of first year BSc MLT students (2018 admission) was conducted at Lisie Training Hall on 3 September 2018 at 10.00 am. The function started off with a prayer song followed by Dr Shabeer S Iqbal, Principal, Lisie College of MLT warmly greeting the guests and newly joined students and formerly welcoming the members to the function. After which a lamp was lighted marking the beginning of the function. The inaugural speech was delivered by Rev Fr Thomas Vaikathuparambil, Director, Lisie Hospital and the function was presided by Rev Fr Jery Najliath, Assistant Director, Lisie Hospital who motivated the students in his speech. This was followed by felicitation speech by Dr Usha Marath, Principal, Lisie College of Nursing and Rev Sr Mercita, Incharge, Clinical Laboratory, Lisie Hospital. The program ended with vote of thanks by Dr Deepa R, Assistant Professor – Pathology, Lisie College of MLT. The Office Superintendent Rev Sr Mariatta SABS, teaching and non-teaching staff of MLT college, newly joined students of 2018 batch and their parents participated in the event.

World Hepatitis Day

The World Hepatitis Day programme was conducted on 28 July 2018 by Second BSc Nursing students of Lisie College of Nursing in association with the MSW department of Lisie Hospital. The programme was held in the Reception area of the Hospital. The official function began at 10.30 am in the presence of honourable guests of the day. The Presidential address was delivered by Rev Fr Thomas Vaikathuparambil, Director, Lisie hospital and the Inauguaral address was by Dr Babu Francis, Medical Superintendent, Lisie hospital. Dr Johny Cyriac, HOD Gastroenterology Department and Mrs Blaicy F, Assistant Professor, Lisie College of Nursing addressed the gathering and imparted enlightening details based on the theme of the year 2018 "Test, Treat Hepatitis." This was followed by a skit, then a mime, and finally concluded with a dance performance based on the theme which was attention drawing and informative. The colourful posters displayed on the day gained a big share of audience, and this helped to pass on a clear picture regarding the prevention and management of Hepatitis to the public. The programme came to an end by 12.00 noon.

https://www.facebook.com/media/set/?set=a.1000856276755417&type=1&l=c7b3c26688

A Timely Gesture

Aftermath of Kerala's disastrous flood situation, Lisie hospital rose to the occasion to provide timely medical help to the people living in relief camps at various places across Ernakulam and Kottayam districts. Upholding the motto 'Care with Love'. The hospital organized all the medical camps in association with 'SAHRUDAYA' (Archdiocesan welfare services). A dedicated group of medical professionals from Lisie hospital along with the MSW Department visited the flood affected areas like ACHINAKAM,NETTINAPPILLY,MANKUZHY,CHAMPANNOOR,NADUVATTOM,KUTTIPUZHA,KOTTAKKAV,KADUKUTTY,ALANGAD,AYROOR,MELOOR, KUTHIYATHODE and VADAYAR. They examined the people and distributed medicines free of cost to the sick individuals.

Lisie hospital had also opened a 'flood relief materials collections point' in the reception area and many staff and public donated innumerable items for the distribution to relief camps, expressing their solidarity and empathy towards the flood affected members. The MSW Department distributed homecare products, cloths and stationery items to the deserving ones. It was found to be a great relief for many people who had lost everything in the recent flood havoc.

https://www.facebook.com/media/set/?set=a.1043324655841912&type=1&l=805d40e87b

World Heart day 2018

https://www.facebook.com/media/set/?set=a.1053697094804668&type=1&l=3782662bf8

The Lisie Heart Institute in collaboration with the Department of Medical Social Work and Lisie School of Nursing conducted the World Heart day celebrations on 29 September 2018 at Lisie Hospital. The programme was inaugurated by Rev Fr Jery Njaliath, the Assistant Director in the presence of Dr Jose Chacko Periappuram, Dr Jabir Abdullakutty and Dr Jacob Abraham, Senior Consultants of the Lisie Heart Institute. This year, the global campaign focused on looking after our own hearts, and the hearts of our loved ones. The campaign calls upon individual to make a promise to get more active and to say no to smoking and eat more healthily. The theme, 'My Heart Your Heart' was emphasized by the dignitaries in their talk and enriched the audience by giving inputs on various methods of leading a healthy life style.

Winner of Echolis Quiz Competition (July 2018 issue)

Rev Sr Alphonsa Koottala from MSW Department was the winner of Echolis Quiz competion (July 2018 Issue) and recieved the gift voucher of Lisie Diner from Rev Fr Joseph Makkothakattu & Fr Ajo Moothedan (Asst Directors, Lisie Hospital).

Sruthi the longest survivor with a transplanted heart in the state being embraced by Elsamma, sister of Lalichan whose heart was donated to Sruthi on the occassion of the fifth anniversary of the transplant

https://www.facebook.com/media/set/?set=a.1020703808103997&type=1&l=69c9ba6915

Nutritional awareness programme and screening of Non-communicable diseases

Fourth year BSc nursing students had organized a Nutritional Awareness Programme and screening of Non - communicable diseases at Puthuvype on 14 May 2018. It was co-ordinated by community health nursing department of Lisie college of Nursing in association with PHC Puthuvype. The programme was inaugurated by Mrs Bindu, member of local civil administration and presided by Mrs Sheenamol, Health Inspector, Puthuvype PHC. The programme included Nutritional awareness session with presentation of nutritional food items, exhibition on Non-communicable diseases and screening for Non-communicable diseases which included, checking of BMI, blood pressure and blood sugar. Seventy people attended the programme. Mrs Reena V I and Sr Renjitha CSN (Faculty, Lisie College of Nursing) guided the students and were present for the programme.

നവീകരിച്ച ലിസി ഓഡിറ്റോറിയം

ഒട്ടേറെ മഹനീയ മുഹൂർത്തങ്ങൾക്കും മഹത് വ്യക്തികളുടെ സാന്നിധ്യത്തിനും സാക്ഷ്യം വഹിച്ച ലിസി ആശുപത്രി ഓഡിറ്റോറിയം നവീകരിച്ചു. സ്നേഹത്തോടെയുള്ള ശുശ്രൂഷാവഴികളിൽ 62 വർഷങ്ങൾ പിന്നിട്ട ആശുപത്രിയുടെ എല്ലാ സംഗമങ്ങൾക്കും വേദിയാകുന്ന ഓഡിറ്റോറിയമാണ് ആധുനിക സൗകര്യങ്ങളോടെ നവീകരിച്ചത്. ആയിരത്തിയെഴുന്നുറോളം പേർ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ ‘ഫാമിലി ഡേ’ ഉൾപ്പടെയുള്ള എല്ലാ ആഘോഷങ്ങളുടെയും വേദി ഓഡിറ്റോറിയമാണ്. നിലവിലുള്ള പഴയ കെട്ടിടം പൊളിക്കാതെ തന്നെ നവീകരിക്കുക എന്നത് വലിയ വെല്ലുവിളിയായിരുന്നു. ലിസി ടീമിന്റെ കഠിനാധ്വാനത്തിന്റെ ഫലമായി മൂന്ന് മാസം കൊണ്ട് തന്നെ നവീകരണം പൂർത്തിയായി. ഡയറക്ടർ അച്ചന്റെ നാമഹേതുകതിരുനാൾ ആഘോഷിക്കുന്നതിനായി ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞതും അഹ്ളാദകരമായി. 500 പേർക്ക് ഇരിക്കാവുന്ന എക്കോ പ്രൂഫ് ഓഡിറ്റോറിയത്തിൽ ഒട്ടോമാറ്റിക് കർട്ടൻ, പ്രൊജക്ടർ, ക്വാളിറ്റി സൗണ്ട് സിസ്റ്റം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

https://www.facebook.com/media/set/?set=a.974279016079810&type=1&l=b3f95b19bc

TRAINING PROGRAMME ON
Responsible Critical Care Unit (ResCCU)

Lisie hospital is going to achieve another mile stone- ResCCU Certification. The development of ResCCU protocol is done to help the health care professional to enhance their patient care practices, mitigate risks and optimum use of resources. Two days training programme on ResCCU standards was conducted at Lisie Hospital on 6 and 7 September 2018 in the Training Hall from 9.00 am to 4.00 pm as a first step to achieve this certification. The resource person for the training session was Dr B Krishnamoorthy. Rev Fr Ajo Moothedan welcomed the gathering. Rev Fr Anto Chalisery represented the management during the sessions. A total of 41 staff which included department heads, doctors, in-charges, staff nurses and other paramedical and supportive staff attended the various sessions. The topics covered in the two day session included the following: Introduction to Quality and QMS, Leadership and Commitment, Resource Management and Patient Care, Risk Management, Infection Control, AMS and Pharmacovigilence, and Legal Compliance. The training was intended to help the hospital staff for the effective implementation of Res CCU standards in the ICUs.

https://www.facebook.com/pg/TheLisieHospitals/photos/?tab=album&album_id=848073798700333

National Level Rank for our students

Students secured the first 3 ranks at national level fot the second year exam & first 2 ranks in the first year exam of diploma in Anesthesia & Critical Care Technology.

Jinu Tomy (Second Year)
- First Rank

Anjana A S (Second Year)
- Second Rank

Seleena Thomas (SecondYear)
- Second Rank

Honey Martin (First Year)
- First Rank

Aleena Dennis (First Year)
- Second Rank

Farewell greetings to our Beloved

Sr Regina Paul
Incharge
Uro OT

Sr Lissy DSHJ
Incharge
Central Store

Sr Maria Jose FCC
Blood Bank

Sr Laiji MSJ
Principal
MLT College

Sr Jesline FCC
Lecturer
MLT College

Sr Ajai (Bindu Thomas)
Physiotherapy

Dr Vidya
Neurology
Consultant

Sr Alphons Jose MSMI
Incharge
Surgical ICU

Dr Jacob Chacko
Dentistry
Consultant

Dr Subramanian Chellappan
Peadcardiac
Anesthesiology
Consultant

Dr Manoj
Ortho
Consultant

Dr Vinod Kumar K P
Oncology
Consultant

Mrs Verony Joy
General Worker

Welcome to Lisie Family

Dr Ankit Jose
Ortho
Jr Consultant

Dr Ani Thampi
General Medicine
Jr Consultant

Dr Rajeev S
Dentistry
Consultant

Dr Janaki Dutt
Emergency Medicine
CMO

Dr Jesson Hentry
Peadcardiac
Anesthesiology
Jr Consultant

Dr V Anu Thomas
Gynaecology
Consultant

Dr Shabeer S Iqbal
Principal
Lisie College of Allied Health Sciences

Health Awareness Days

October

1 International Day for the Elderly
10 World Mental Health Day
11 World Sight Day
12 World Arthritis
16 World Food Day
17 World Trauma Day
20 World Osteoporosis Day
21 World Iodine Deficiency Day
24 World Polio Day
26 World Obesity Day
29 World Stroke Day
30 World Thrift Day

November

2 World Pneumonia Day
10 World Immunization Day
14 Diabetes Day
18 World Epilepsy Day
19 World COPD Day
15 to 21 New Born Care Week

December

1 World AIDS Day
2 National Pollution Prevention Day
3 International Day of Disabled Persons
9 World Patient Safety Day

LISIE HOSPITAL, ERNAKULAM

P.B. #3053, Kochi- 682018, Kerala, Web: www.lisiehospital.org, E-mail: contact@lisiehospital.org, Ph: 0484 - 2402044

വിവിധ ചികിത്സാ വിഭാഗങ്ങളും ഒ. പി. ദിവസങ്ങളും

ജനറൽ മെഡിസിൻ

1. ഡോ. ടി.കെ. ജോസഫ് (തിങ്കൾ - ശനി)
2. ഡോ. അഗസ്റ്റിൻ എ.കെ (തിങ്കൾ - ശനി)
3. ഡോ. എ.പി. ജോണി (തിങ്കൾ - ശനി)
4. ഡോ. ജോർജ്ജ് സേവ്യർ (തിങ്കൾ - ശനി)
5. ഡോ. അഭിലാഷ് ചാക്കോ (തിങ്കൾ - ശനി)
6. ഡോ.എബിൻ ജെ. കുളങ്ങര (തിങ്കൾ - ശനി)
7. ഡോ. അനി തമ്പി (തിങ്കൾ - ശനി)

ഡയബറ്റോളജി വിഭാഗം (പ്രമേഹ രോഗ ചികിത്സാ വിഭാഗം)

1. ഡോ. ജോർജ്ജ് പൗലോസ് (തിങ്കൾ - ശനി)
2. ഡോ. ബെറ്റ്സി ആനി കോശി (തിങ്കൾ - ശനി)

പൾമനോളജി (ശ്വാസകോശ രോഗ വിഭാഗം)

1. ഡോ. പരമേശ് എ. ആർ. (തിങ്കൾ - ശനി)
2. ഡോ. തോമസ് കുര്യൻ (തിങ്കൾ - ശനി)

ജനറൽ സർജറി വിഭാഗം (ശസ്ത്രക്രിയ വിഭാഗം)

1. ഡോ. ജോയ് മാമ്പിള്ളി (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. പൗലോസ് ജേക്കബ് (ചൊവ്വ, വ്യാഴം, ശനി)
3. ഡോ. സന്ദീപ് ജനാർദൻ (തിങ്കൾ, ബുധൻ, വെള്ളി)

ഡെർമ്മറ്റോളജി (ത്വക്ക് രോഗ വിഭാഗം)

1. ഡോ. സോമൻ പീറ്റർ (തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി, ശനി)

ഓഫ്താൽമോളജി (നേത്ര രോഗ വിഭാഗം)

1. ഡോ. ലതാ മാത്യു (തിങ്കൾ to വ്യാഴം & ശനി)

ഇ.എൻ.ടി. (ചെവി, മൂക്ക്, തൊണ്ട വിഭാഗം)

1. ഡോ. റീന വർഗ്ഗീസ് (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. ഫ്രാങ്കി ജോസ് (തിങ്കൾ, ബുധൻ, വെള്ളി)
3. ഡോ. ദിവ്യ മോഹൻ വി. (ചൊവ്വ, വ്യാഴം, ശനി)
4. ഡോ. ജോസഫ് മാത്യു (തിങ്കൾ, ബുധൻ, വെള്ളി)
5. ഡോ. ജെറിൻ എബിനേസർ (തിങ്കൾ, ബുധൻ, വെള്ളി)

ഓർത്തോപീഡിക്സ് (അസ്ഥി രോഗ വിഭാഗം)

1. ഡോ. കെ. രാജാറാം (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. സുരേഷ് പോൾ (തിങ്കൾ, ബുധൻ, വെള്ളി)
3. ഡോ. ബിജു പി. എ. (ചൊവ്വ, വ്യാഴം, ശനി)
4. ഡോ അങ്കിത് ജോസ് (തിങ്കൾ, ബുധൻ, വെള്ളി)

സൈക്യാട്രി (മാനസിക രോഗ വിഭാഗം)

1. ഡോ. കുരുവിള തോമസ് (തിങ്കൾ - ശനി After 4 pm)

ഗ്യാസ്ട്രോ എന്ററോളജി (ഉദര രോഗ വിഭാഗം)

1. ഡോ. ജോണി സിറിയക്ക് (തിങ്കൾ - ശനി)
2. ഡോ. തോമസ് ജെയിംസ് (തിങ്കൾ - ശനി)

ഗ്യാസ്ട്രോ ഇന്റസ്റ്റിനൽ സർജറി വിഭാഗം

1. ഡോ. സുനിൽ റ്റി. (തിങ്കൾ pm, ബുധൻ, വെള്ളി, ശനി pm)

നെഫ്രോളജി (വൃക്ക രോഗ വിഭാഗം)

1. ഡോ. ബാബു ഫ്രാൻസീസ് (തിങ്കൾ - വെള്ളി)
2. ഡോ. ജോസ് പി. പോൾ (തിങ്കൾ - വെള്ളി)

ന്യൂറോളജി (മസ്തിഷ്ക രോഗ വിഭാഗം)

1. ഡോ. അരുൺ കുമാർ എം. എൽ. (തിങ്കൾ - ശനി)
2. ഡോ. ജോൺ ജെ. വൈദ്യ (തിങ്കൾ - ശനി)
3. ഡോ. ബി. ബിന്ദു (തിങ്കൾ - ശനി)

ന്യൂറോ സർജറി (മസ്തിഷ്ക രോഗ വിഭാഗം)

1. ഡോ. കോശി ജോർജ്ജ് (തിങ്കൾ - വ്യാഴം)
2. ഡോ. ബി. ശ്യാം (ചൊവ്വ, വെള്ളി)
3. ഡോ. കൃഷ്ണദാസ് (ബുധൻ, ശനി)
4. ഡോ. സന്തോഷ് ജോർജ്ജ് തോമസ് (വ്യാഴം, ശനി)
5. ഡോ. ബിജി ബാഹുലേയൻ (തിങ്കൾ, ബുധൻ)

ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ

1. ഡോ. സി. ഷിജി ഫ്രാൻസിസ് (സി. ക്രിസ്റ്റീന) (തിങ്കൾ - ശനി)

ഡെന്റൽ വിഭാഗം (ദന്ത രോഗ വിഭാഗം)

1. ഡോ. ബിജി രാജ് (തിങ്കൾ - ശനി)
2. ഡോ. രാജീവ് എസ് (തിങ്കൾ to വ്യാഴം, ശനി)
3. ഡോ. റോസ് കുര്യൻ (തിങ്കൾ - ശനി)
4. ഡോ. ടെറി തോമസ് (വെള്ളി)
5. ഡോ. ഹേമ ഗിൽബർട്ട് (തിങ്കൾ - ശനി)

ഓങ്കോളജി വിഭാഗം

1. ഡോ. അശോക് എസ്.കൊമരൻചാത്ത് (തിങ്കൾ - ശനി)

സർജ്ജിക്കൽ ഓങ്കോളജി വിഭാഗം

1. ഡോ. അരുൺ പീറ്റർ മാത്യു (തിങ്കൾ, ബുധൻ, വെള്ളി)

പീഡിയാട്രിക്സ് വിഭാഗം (ശിശുരോഗ വിഭാഗം)

1. ഡോ. മാർഗരറ്റ് ജോസഫ് (തിങ്കൾ to ശനി am only)
2. ഡോ. ജെസി തോമസ് (തിങ്കൾ - ശനി)
3. ഡോ. ശശിധരൻ പി. യു. (തിങ്കൾ - ശനി)
4. ഡോ. ഹിമ മാത്യൂസ് പി. (തിങ്കൾ - ശനി)

നിയോ നെറ്റോളജി വിഭാഗം

1. ഡോ. ശിവജി ആർ. ഹെഗ്ഡെ (തിങ്കൾ - ശനി)

ജീറിയാട്രിക് വിഭാഗം

1. ഡോ. റോസക്കുട്ടി മാത്യു (തിങ്കൾ am - ശനി am)
2. ഡോ. സാറാമ്മ ഈശോ (തിങ്കൾ am - ശനി am)

ഗൈനക്കോളജി വിഭാഗം

1. ഡോ. എയ്മി ഡിസൂസ (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. രമാദേവി (തിങ്കൾ, ബുധൻ, വെള്ളി)
3. ഡോ. Sr. റാണി പോൾ (തിങ്കൾ, ബുധൻ, വെള്ളി)
4. ഡോ. സിമി രാജ് ടി. ജെ. (ചൊവ്വ, വ്യാഴം, ശനി)
5. ഡോ. സുമി പി. തമ്പി (ചൊവ്വ, വ്യാഴം, ശനി)
6. ഡോ. വി. അനു തോമസ് (തിങ്കൾ, ബുധൻ, വെള്ളി)

യൂറോളജി വിഭാഗം

1. ഡോ. ദാമോദരൻ നമ്പ്യാർ (തിങ്കൾ pm, ബുധൻ, വെള്ളി)
2. ഡോ. വിജു ജോർജ്ജ് (ചൊവ്വ pm, വ്യാഴം, ശനി)
3. ഡോ. തോമസ് പുതുക്കാടൻ (ചൊവ്വ, വെള്ളി)
4. ഡോ. സനിൽ കുമാർ എൻ. കെ. (ബുധൻ, വ്യാഴം)

കാർഡിയോളജി (ഹൃദ്രോഗ വിഭാഗം) Booking No. 0484 2401821

1. ഡോ. റോണി മാത്യു കടവിൽ (തിങ്കൾ - വെള്ളി)
2. ഡോ. ജേക്കബ് ജോസഫ് (തിങ്കൾ - വെള്ളി)
3. ഡോ. ജാബിർ അബ്ദുള്ളക്കുട്ടി (തിങ്കൾ - വെള്ളി)
4. ഡോ. ജോ ജോസഫ് (തിങ്കൾ - വെള്ളി)
5. ഡോ. ജിമ്മി ജോർജ് . (തിങ്കൾ - ശനി)
6. ഡോ. അജിത്ത് കുമാർ കെ. ആർ (തിങ്കൾ am, വ്യാഴം am)

ഇലക്ട്രോ ഫിസിയോളജി

1. ഡോ. അജിത് തച്ചിൽ (തിങ്കൾ - ശനി)

കാർഡിയാക് സർജറി

1. ഡോ. ജോസ് ചാക്കോ പെരിയപ്പുറം (ചൊവ്വ, ബുധൻ, വെള്ളി)
2. ഡോ. ഭാസ്കർ രംഗനാഥൻ (തിങ്കൾ - വെള്ളി)
3. ഡോ. ജീവേഷ് ജോൺ തോമസ് (തിങ്കൾ - വെള്ളി)
4. ഡോ. സൈമൺ ഫിലിപ്പോസ് (തിങ്കൾ - വെള്ളി)

പീഡിയാട്രിക് കാർഡിയോളജി

1. ഡോ. എഡ്വിൻ ഫ്രാൻസിസ് (തിങ്കൾ - ശനി)
2. ഡോ. അന്നു ജോസ് (തിങ്കൾ - ശനി)
3. ഡോ. ബിജേഷ് വി.വി. (ചൊവ്വ, വ്യാഴം)

പീഡിയാട്രിക് കാർഡിയാക് സർജറി

1. ഡോ. തോമസ് മാത്യു (തിങ്കൾ - ശനി)

എൻഡോക്രൈനോളജി, ഡയബെറ്റിസ് & മെറ്റബോളിസം

1. ഡോ. സോനാ സൂസൻ എബ്രഹാം (തിങ്കൾ - ശനി, 10.00 to 3.00 pm)

Advance Booking Numbers

For Doctors' Appointment: 0484 2401141 (7.00 am to 6.30 pm)
For Cardiology / Cardiothoracic doctors: 0484 2401821, 0484 2755305 (8.00 am to 4.00 pm)
Health Checkup: 0484 2755099, 9497713386 (9.00 am to 5.00 pm)
Radiology: 0484 2400811, 0484 2755395 (8.00 am to 6.00 pm)

For Information

Cardiology: 0484 2401821, 0484 2755305 (8.00 am to 4.00 pm)
Cardiothoracic: 9446037302
General Information: 0484 2402044 (24X7)
Emergency Dept & Ambulance: 0484 2755301, 9895756164 (24X7)
Cashless Insurance: 0484 2755386, 0484 2755306 (8.30 am to 5.30 pm)
Gynaecology Emergency: 0484 2755151 (24X7)

Published by Lisie Hospital | Ernakulam | For Private Circulation only
Design & Print: Viani Printings, Ernakulam, Kochi - 682018. Phone: 0484 2401635.